(സി) 2002-03 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും പട്ടികജാതി വകുപ്പിന്റെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികളുടെ തുക ട്രഷറികളിൽ നിന്നും പിൻവലിച്ച നടപടി

128 [3275] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
„ എ. കെ. ബാലൻ:
„ കെ. രാധാകൃഷ്ണൻ:
„ എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള വിവിധ പദ്ധതികളുടെ തുക ട്രഷറികളിൽ നിന്നും ഉദ്യോഗസ്ഥർ അനധികൃതമായി പിൻവലിച്ചത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഇതിനകം നടന്ന അന്വേഷണങ്ങളിൽ വെളിവായ സംഗതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; പദ്ധതി തുക അനധികൃതമായി കൈവശം വച്ച കേസുകൾ ഏതെല്ലാം;

(സി) പ്രത്യേക ഘടക പദ്ധതിപ്രകാരം ചെലവഴിക്കാൻ ബഡ്ജറ്റിൽ നീക്കിവച്ച തുക ഉദ്യോഗസ്ഥൻമാരുടെ പേരിലുള്ള അക്കൗണ്ടുകളിലേക്ക് മാറ്റുകയുണ്ടായോ; ഏതെല്ലാം ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു തുക വീതം കഴിഞ്ഞ ഏപ്രിലിനുമുമ്പ് മാറ്റുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഫിനാൻഷ്യൽ കോഡിന്റെയും മറ്റ് നടപടിക്രമങ്ങളുടെയും ലംഘനം നടത്തിയ കേസുകൾ ഏതൊക്കെയാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രഷറിയിൽ നിന്നും അനധികൃതമായി തുക പിൻവലിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി—ഡി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പിലാക്കിയ പുതിയ ക്ഷേമ പ്രവർത്തനങ്ങൾ

129 [3276] ശ്രീ. എ. എൻ. രാജൻ ബാബു:
„ കെ. കെ. ഷാജു:
„ ഉമേഷ് ചള്ളിയിൽ:
„ ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly